**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 204**
**08.03. 2017 ൽ മറുപടി നൽകേണ്ടത്**

**<u>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ</u>**

**<u>ചോദ്യം</u>**
ശ്രീ. സി. കൃഷ്ണൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എസ് രാജേന്ദ്രൻ
ശ്രീമതി. യു. പ്രതിഭ ഹരി

**ഉത്തരം**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വീട്ടിലെത്തിച്ച നൽകുന്ന പദ്ധതിയെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | ഉണ്ട്. ബഹു ധനകാര്യ വകുപ്പ് മന്ത്രി 18/01/2017, 03/02/2017, 16/02/2017 എന്നീ തീയതികളിലും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 17/12/2016, 15/02/2017 തീയതികളിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വീട്ടിലെത്തിച്ച നൽകുന്ന പദ്ധതിയെ കുറിച്ച് വിശദമായ അവലോകനം നടത്തിയിട്ടുണ്ട്. 15/08/2016 തിയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്) നം.324/2016/ധന പ്രകാരം ജില്ലാ സഹകരണ ബാങ്കിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ / ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റികൾ വഴി വിതരണം നടത്തുകയും തുടർന്ന് സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ വഴി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ വിതരണം നടത്തുകയും ചെയ്തിരുന്നു. ഇതിലേക്കായി ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ സോഫ്റ്റ്വയർ തയ്യാറാക്കി വെബ് ബെയ്സ്ഡ് ആയിട്ടാണ് വിതരണ നടപടി സ്വീകരിച്ചിട്ടുള്ളത്. 2016 ജൂലൈ മാസം മുതലുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ വഴിയും പ്രാഥമിക സഹകരണ സംഘങ്ങൾ / ക്രെഡിറ്റ് കോപ്പറേറ്റീവ് |

| | | |
|---|---|---|
| | | സൊസൈറ്റികൾ വഴിയും ഗുണഭോക്താവിന്റെ വീട്ടിൽ എത്തിച്ച് വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി തുക വിതരണം ചെയ്യാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ ; | മുൻ സർക്കാരിന്റെ കാലത്ത് നൽകാനുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക 2016 ജൂലൈ , ഓഗസ്റ്റ് സെപ്തംബർ മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷനോടൊപ്പം തന്നെ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അനർഹരായ നിരവധി പേർ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതായും അർഹരായ നിരവധിപേർക്ക് പെൻഷൻ നിഷേധിക്കപ്പെട്ടതായും ഉള്ള ഓഡിറ്റ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | അനർഹരായ നിരവധി പേർ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതായും അർഹരായ നിരവധിപേർക്ക് പെൻഷൻ നിഷേധിക്കപ്പെട്ടതായുള്ള വിഷയം സർക്കാർ പരിശോധിക്കുകയും ഈ വിഷയത്തിൽ കുടുംബശ്രീ മുഖാന്തിരം സർവ്വേ നടത്തുകയും ചെയ്തിരുന്നു. പെൻഷന് അർഹതയുണ്ടായിരുന്നിട്ടും നാളിതുവരെ പെൻഷൻ ലഭിച്ച് തുടങ്ങിയിട്ടില്ലാത്തവർക്ക് ഇക്കാര്യത്തിനായി പ്രാദേശിക സർക്കാരുകളെ സമീപിക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുമായി പ്രാദേശിക സർക്കാർ തലത്തിൽ അദാലത്ത് സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. [സഉ(എംഎസ്) നം 34/2017/ധന തിയതി 21/01/2017]<br>ഒരാൾക്ക് തന്നെ ഒന്നിലധികം പെൻഷൻ ലഭിക്കുന്നത് കണ്ടെത്തുന്നതിലേക്കായി ഗുണഭോക്താക്കളുടെ ആധാർ ഐ ഡി നമ്പർ ഉപയോഗിച്ച് പരിശോധന നടത്തുകയും നിബന്ധനകൾക്ക് വിധേയമായി രണ്ടാമതൊരു പെൻഷൻ 600/- രൂപ നിരക്കിൽ മാത്രം നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഒരു വ്യക്തിയ്ക്ക് ഒന്നിലധികം പെൻഷന് അർഹതയില്ലെന്ന പ്രഖ്യാപനം ഗുണഭോക്തൃവിഹിതം അടച്ച് പെൻഷന് നേടിയവരെ ഏതുതരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സാർവ്വത്രിക സാമൂഹ്യ സുരക്ഷ പെൻഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എംഎസ്) നം.282/2016/ധന തിയതി 15/07/2016 പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ 1000/- രൂപയായി ഉയർത്തുകയും ഒരാൾക്ക് ഒരു പെൻഷൻ എന്നതായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. സർക്കാർ |

| | | |
|---|---|---|
| | | തീരുമാനം പുന പരിശോധിക്കുകയും നിലവിൽ ക്ഷേമനിധി ബോർഡിൽ നിന്ന് ലഭിക്കുന്ന പെൻഷനോടൊപ്പം സാമൂഹ്യ സുരക്ഷ പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമ നിധി പെൻഷൻ 1000/- രൂപ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഉയർത്തി നിശ്ചയിക്കുന്നതിനുമുമ്പുള്ള തുകയായ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേമനിധി പെൻഷൻ വാങ്ങിവരുന്നയാളിന് 1000 രൂപ നിരക്കിലും അതേ സമയം ഇതിനോടകം ഒന്നോ അതിലധികമോ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുവെങ്കിൽ ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും മാത്രമേ വിതരണം ചെയ്യൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 1000/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. കൂടാതെ വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് അർഹതയ്ക്ക് വിധേയമായി മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 1000/- രൂപ നിരക്കിൽ വാങ്ങാവുന്നതാണ്. [ജിഒ(എംഎസ് 67/2017/ധന തിയതി 6/02/2017] |

സെക്ഷൻ ഓഫീസർ